(ബി) തൊഴിലാളികളുടെ ന്യായമായ ഡിമാൻറുകൾ മാനേജ്മെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) ഈ തൊഴിൽ തർക്കം പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് അധികൃതരും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ട് ബന്ധപ്പെട്ടവരുടെ സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയുണ്ടായി. 27-3-1991-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ സമ്മേളനത്തിൽ പ്രസ്തുത തൊഴിൽതർക്കം ഒത്തുതീർപ്പാകുകയും അതനുസരിച്ച് തൊഴിലാളികൾ ജോലിക്ക് ഹാജരാവുകയും ചെയ്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

ക്രമക്കേട് കാണിച്ച ജീവനക്കാർക്കെതിരെ നടപടി

38 [2230] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം കൊടുക്കുന്നതിൽ ക്രമക്കേട് കാണിച്ച എത്ര ജീവനക്കാർക്കെതിരെ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നടപടി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അതിൻെറ പേരിൽ ആരെയെങ്കിലും സർവീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടോ; എത്ര പേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്;

(സി) ആർക്കെങ്കിലും എതിരെ ക്രിമിനൽ കുറ്റം ചുമത്തി കേസ് എടുത്തിട്ടുണ്ടോ; അതിൻെറ അടിസ്ഥാനത്തിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4 കേസ്സുകളിലായി 14 ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

ട്രേഡ് അപ്രൻറീസുകളുടെ പരിശീലനം

39 [2231] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രേഡ് അപ്രൻറീസുകളുടെ പരിശീലന കാലാവധി പൂർത്തിയാക്കിയവരെ അതാതു യൂണിറ്റിലുണ്ടാകുന്ന 50 ശതമാനം ഒഴിവുകളിൽ നിയമിക്കണം എന്ന് സർക്കാർ നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇതനുസരിച്ച് ഈ സാമ്പത്തികവർഷം സംസ്ഥാനത്ത്, ഏതെല്ലാം സ്ഥാപനങ്ങളിൽ ഇതു നടപ്പാക്കി; ഇതു വഴി എത്ര പേർക്ക് പ്രയോജനം കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly